പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 296 | 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>" എ.പ്രദീപ്കുമാർ<br>" ബാബു എം.പാലിശ്ശേരി<br>" കെ.ദാസൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | നഗരപ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിനോടുള്ള നയം വ്യക്തമാക്കാമോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വിപുലമായി നടപ്പാക്കുവാനുള്ള നടപടികൾ നഗരകാര്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം നഗരസഭകൾ നൽകുന്ന ലേബർ ബഡ്ജറ്റ് പ്രകാരം തുക കൃത്യമായി അനുവദിച്ച് നൽകുന്നുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി എൻ.ഐ.സി.യുടെ സഹായത്തോടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുകയും അതുവഴി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പരിശീലനം രണ്ട് ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. അയ്യങ്കാളി പദ്ധതിക്ക് വേണ്ടി മാത്രമായി നഗരസഭകളിൽ ഒരു ഓവർസിയർ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ നിയമിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് സംസ്ഥാനതല കമ്മിറ്റി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 2015-16 ലെ സംസ്ഥാന ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിലയിരുത്തൽ നട | (ബി) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കൗൺസിൽ യോഗങ്ങളിൽ പദ്ധതി |

| | | | |
|---|---|---|---|
| | ത്തിയിട്ടുണ്ടോ; നാളിതുവരെ ഈ പദ്ധതിക്ക് അനുവദിച്ച ഫണ്ടിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; | | അവലോകനം നടത്താറുണ്ട്. കൂടാതെ എല്ലാ മാസവും നഗരകാര്യ വകുപ്പിലെ മേഖലാ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്ന പ്ലാൻ റിവ്യൂ മീറ്റിംഗിലും പദ്ധതി പുരോഗതി സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നുണ്ട്. നാളിതുവരെ ടി പദ്ധതിക്കായി 14,57,03,011/-രൂപ നഗരസഭകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; | (സി) | ഡി.പി.സി. അംഗീകരിച്ച ലേബർ ബഡ്ജറ്റിലെ തുകയുടെ 25% അല്ലെങ്കിൽ 50,00,000/1 കോടി (കോർപ്പറേഷനുകൾ) രൂപയാണ് ആദ്യ ഗഡുവായി അനുവദിക്കുന്നത്. ഇങ്ങനെ അനുവദിച്ച തുകയുടെ 60% ചെലവഴിച്ചു കഴിഞ്ഞാൽ രണ്ടാംഗഡുവായി ചെലവഴിച്ച തുകയും അനുവദിക്കുന്നു. അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തി പൂർത്തിയാക്കുന്ന നഗരസഭകൾക്കാണ് രണ്ടാം ഗഡു അനുവദിച്ചിട്ടുള്ളത്. എന്നാൽ യഥാസമയം ലേബർ ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാൻ സാധിക്കാതിരുന്ന നഗരസഭകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുണ്ടായിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിൽ പോരായ്മകൾ തിരുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ടി പദ്ധതിയുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ 18.07.2013 ലെ 1900/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്.) നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ